'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹു. കൽപ്പറ്റ എം.എ.സി.റ്റി -യുടെ ഒ.പി (എം.വി) 263/2023 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിനുള്ള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.5826/2025/ധന** **തീയതി, തിരുവനന്തപുരം, 10/07/2025**

പരാമർശം :- 1. ബഹു. കൽപ്പറ്റ എം.എ.സി.റ്റി -യുടെ ഒ.പി (എം.വി)263/2023 നമ്പർ വ്യവഹാരത്തിന്മേലുള്ള 12/11/2024 തീയതിയിലെ വിധി.
2. 13/06/2025 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ് 1/ഒ.പി (എം.വി)263/2023 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-AU-3857 എന്ന വാഹനം 26/05/2012 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീ. അബ്ദുൽ നാസർ എന്ന വ്യക്തിയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ടിയാൻ വകുപ്പിനെ മൂന്നാം എതിർ കക്ഷിയാക്കി ബഹു. കൽപ്പറ്റ എം.എ.സി.റ്റി മുമ്പാകെ ഒ.പി(എം.വി) 263/2023 നമ്പരിൽ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. കൽപ്പറ്റ എം.എ.സി.റ്റി -യുടെ പരാമർശം 1 -ലെ വിധി പ്രകാരം **13,96,700/- രൂപ (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുന്നൂറ് രൂപ മാത്രം)** 8% പലിശയടക്കവും കോടതി ചെലവിനത്തിൽ 13,340/- രൂപയും, ലീഗൽ ബെനിഫിറ്റ് ഫണ്ട് ഇനത്തിൽ 13,967/- രൂപയും പരാതിക്കാരന് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം -2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 11/03/2025 -ലെ അക്കൗണ്ടന്റ് ജനറലിന്റെ ലീഗൽ ഒപ്പീനിയൻ പ്രകാരം അപ്പീൽ സാധ്യതയില്ലെന്ന് നിയമോപദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബഹു. കൽപ്പറ്റ എം.എ.സി.റ്റി -യുടെ പരാമർശം 1 -ലെ വിധി പ്രകാരമുള്ള തുകയായ **13,96,700/- രൂപ (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുന്നൂറ് രൂപ മാത്രം)** 8% പലിശയടക്കവും, കോടതി ചെലവിനത്തിൽ 13,340/- രൂപയും, ലീഗൽ ബെനിഫിറ്റ് ഫണ്ട് ഇനത്തിൽ 13,967/- രൂപയും പരാതിക്കാരന് കെട്ടിവെയ്ക്കുന്നതിനുള്ള അനുമതി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105- സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ.3195897/എസ്റ്റാ-ഡി3/40/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ